# A Strange Meeting

Haris.k
Second sem: M.A English

The melody of drizzle broke the silence of the darkness that brooded over the city. The traffic on the road seemed to hare stopped its scamper. The men flowed no more to and fro. The buildings with sellow tinge showed only dim light. In this terrible serenity the gentleman an the second floor of the odge tought about the first day he reached there. One week has passed over since he reached the town. Now this busy town in no more enthralling to him. He was fed up with this life an the busy town where nothing bore a goal. He looked down through the window and laught sight of the bright name board of the lodge. A leap of broken images passed through his mind. He lit one cizar to keep himself away from chill the damp night.

Then the thought Struck him like a silver dagger. He was reminded of the place. His room boy had talked of. He walked through the street decked with dim lamps and reached a two storeyed house. In the home he saw an oldman setting drowsily on an lod armchair. The chair and the floor where it stood were it an old as their occupant himself. It seems taht he had been setting there for somany years. When he saw the gentleman coming to him, he stammmere to keep his anxiety to himself. The gentlman took some bucks from his pocket and placed them in the wrinkled hands of the oldman. The oldman gave a shidied smile and whispered "On the upstair".

The gentleman entered a murky room and climed the cracky steps that led him to the room, where the chair. She sat in, like a burnished throne glowed and sp0read the aroma of jasmina. He was greeted by a smile from a pair of red tinged lips. Her losthy dress hung over her bony shoulders. The gust of wind that passed through the street caressed the two warm hearts. He asked her looking at her lustrons eyes "who sits down the floor?" "Pappa"She replied.

The man sharnk back as if he had committed something unaware, the victim of thrown to the lusty hands lecters, the fate of an unfulfilled dream!

"I too had cheamed of a life of bliss with a who body and soul,"she mumbled to hear noone. "Now adays I never remember the facer that come to me, or they have no faces." They come to me to wrinkle this bedsheet and stain it with sin before they leave."

These wordes created a lasting impression upon the gentleman. When he was stepping down the stair a galaxy of such sorrowful faces dashed through his mind, the victims of male lust. where he left the house, he saw the oldman enjoying the honey dew of slumber.

When he entered the street a gingle is heard from his pocket. it was a call from his daughter for her college at kolkatta. He decided to go there next week to attend the PTA meeting holding on 4 Aug. He decided the city of Kolkatta on 3Aug and spent that night in the most luxurian hotel of the town. In the seclusion of his room he went down memmory lane and the victims of his carnal appetite dashed through the mirror of his mind. He was reminded of the lusty pleasures thrilled by his passion coupled by the party nude pictures in the wall.

He was shocked to hear a knock at the door which he opened to see the hotel manager to say something in "secret". "you can have anything you desire".The manager's word gave him a sort of quenching water for his carnal thirst. They talked something in a low voice and the manager dissappeared leaving the man to his room whispering "21 romm 21.

At the midnight the man opened his door again and went to the second hour and knocked at room no:21. when the door was opened the man stunned to see the figure fell back to the bed to see the man who turned his face buried in his hands. He walked to his room wish a heavy heart that gearned to be lifeless wth its bearer. After an ignominous trance of dejection he took his life with a gulp of pision.

Next morning the manager was shocked to see the corpse of his " guest" and atance he ran to the room 21. He knocked at the door which did not open. The fuss he made gathered everyone in the hotel and they brock open the door. The manager entered the room where he saw the dead bady of a women hanging on a shawl.

By the evening two ambulance carried the corpses to the home which lost two sons-the father and the daugher one day.

## അറിയാതെ.....



വെട്ടിയിട്ട വാഴപോലെ കിടന്ന അയാളുടെ രോമ കൂപങ്ങൾക്ക് കുളിർമ്മ പകർന്ന് കാറ്റ് കടന്നുപോയി. മാനത്തെ വെണ്ണിലാവ് നോക്കി അയാൾ നിർവൃതി യടയാൻ ശ്രമിച്ചു. അയാളറിയുന്നതിനേക്കാൾ പലതും. ഇനിയെന്ന് മടക്കമെന്ന ചോദ്യം അയാളുടെയുള്ളിൽ. സൂര്യനും ചന്ദ്രനുമിടയ്ക്കുള്ള അകലം തനിക്കും ഭൂമിക്കുമിടയിലുണ്ടെന്ന് അയാളറിയുന്നില്ല. നനഞ്ഞ മണ്ണിന്റെ മണത്തിന് കാരണം തന്റെ വേട്ടപ്പെട്ടയാരുടേയോ കണ്ണുനീരെന്ന് അയാൾക്ക് മനസ്സിലായില്ല. മഴയാണ് പുറത്തെന്ന് തെറ്റിദ്ധരിച്ചു. മുന്നിലെ ഇടവഴിയിൽ ഒരു ശവം. എന്നിട്ടും, അത് താനെന്ന് അയാൾ അറിയുന്നേയില്ല.

## പ്രതീക്ഷ.....



ചിതലരിക്കുന്ന ഓർമ്മക്കുമീതെ കനലായി ജീവിതം. എല്ലാം ഉണ്ടായിരുന്നിട്ടും ഒന്നുമില്ലാത്ത പോലെ, എല്ലാവരുമുണ്ടായിട്ടും ആരുമില്ലാത്ത പോലെ, അന്ന് വെട്ടിത്തിളങ്ങുന്നത് പഴയ ഏതോ പ്രതാപത്തിന്റെ നിഴലാണ്. അന്ന് ഒത്തിരിയേറെയായിരുന്നു. മരണത്തിന്റെ ശബ്ദങ്ങൾ അന്ന് പേടിയായിരുന്നു ആകെയൊരു പച്ചപ്പ്, ഉള്ളിൽ കിനാവിൽ തീർത്ത വലിയ ചില്ലുകൊട്ടാരം അവിടുത്തെ രാജകുമാരനായിരുന്നു, വിരിയും മുമ്പേ മൊട്ടുകളെടുക്കാൻ വന്നിരുന്ന കുസൃതിപ്പെണ്ണ്, അവളായിരുന്നു രാജകുമാരി ഇന്ന്, ഇല്ലാത്ത പൂന്തോട്ടത്തിലെ വിരായത്ത മൊട്ടുകളറുക്കാൻ ആരാണ് വരുന്നത്? വെറുതെ ആരേയോ കാത്തിരിക്കുന്നു കിനാക്കളിലെ പച്ചപ്പ് മുഴുവൻ വെയിലേറ്റ് കരിഞ്ഞ്.....എന്നിട്ടും പ്രതീക്ഷ...... ഓർമ്മകൾക്കപ്പുറം മരണത്തിന്റെ കാലൊച്ചക്കായ് കാതോർത്ത്......പിന്നെയും എന്തിനൊക്കെയോ വേണ്ടി പ്രാർത്ഥിച്ച്, തകർന്നു പോയ ചില്ലുകൊട്ടാരത്തിന്റെ മൂലയിൽ കാത്തിരിക്കുന്നു.....!.

## ശേഷിപ്പ്.....



ഞാൻ കണ്ട അസാമാന്യ വ്യക്തിയായിരുന്നു അയാൾ. ഉള്ളിന്റെയുളളിൽ ആവേശമായുണർന്ന്, ആരാധനയായി. സ്നേഹത്തിന്റെ വലിയ ദുശ്ശീലങ്ങൾ. അനുകരണപ്പതിപ്പാവാൻ തീരാത്ത കൊതി. എന്നിട്ടും ഉള്ളിന്റെയുള്ളിൽ അസൂയ പുകഞ്ഞു. ഉയർച്ചയിലേക്ക് പരിശ്രമം. കഠിന പ്രയത്നം.

അയാളെപോലെയാണ്.........!

ഇന്ന്, വേണ്ടപ്പെട്ടവരെല്ലാവരാലും ഉപേക്ഷിക്കപ്പെട്ട്, ഉപയോഗ ശൂന്യമായ ആദർശങ്ങളും പറഞ്ഞ്, ഈ വഴിവക്കിലിരിക്കുമ്പോൾ ഒരു പൊട്ടതെറ്റായി ജീവിതം അവശേഷിക്കുന്നു; അയാളും........!

---

അമീർ.എം.വലിയാട്.
രണ്ടാം സെമസ്റ്റർ എം.എ. ഹിസ്റ്ററി



# അവധിക്കാലം


വിജീഷ്. ടി

ഒന്നാം വർഷ ബി.എ സോഷ്യോളജി


നെറ്റിയിൽ അമർന്ന തണുത്ത സ്പർശനത്തിൽ കണ്ണുതുറന്നു. മുറിഞ്ഞ സ്വപ്നത്തിന്റെ മുമ്പിൽ നിറചിരിയോടെ അമ്മ. ഉറക്കം മതിയാക്കൂ ഉണ്ണീ, നേരം വെളുത്തിട്ട് കുറെയായല്ലോ?. പോയി കുളിച്ചിട്ട് വരൂ. ബാല്യം കൈകൊട്ടി തിരിച്ചെത്തിയ പോലെ. എഴുന്നേറ്റിരുന്ന് ഉറക്കച്ചടവ് വീണ കണ്ണുകൾ തിരുമ്മുമ്പോൾ മണം ചുരത്തുന്ന കാച്ചെണ്ണ നെറുകയിൽ തേച്ചുതന്നിട്ട്, അമ്മ ധൃതിയിൽ അടുക്കളയിലേക്ക് നടന്നു. മുറിവിട്ട് മുറ്റത്തേക്കിറങ്ങുമ്പോൾ അമ്മ നീട്ടി വിളിച്ചു പറഞ്ഞു. ഉണ്ണീ, പടവുകളിൽ വഴുക്കലുണ്ടാകും സൂക്ഷിക്കണേ.

കുളിയുടെ ലഹരി ചുണ്ടിൽ മൂളിപ്പാട്ടായി മുളപൊട്ടി മുറിയിലേക്ക് കടന്ന് നീലക്കണ്ണാടിയെ സമീപിക്കുമ്പോൾ, പുറകിൽ അമ്മ ഉറവുപൊട്ടിയ വാത്സല്യം പോലെ മോനെ ഒന്ന് കുനിഞ്ഞേ, ഇത്തിരി രാസ്നാദിപ്പൊടി തലയിൽ തിരുമ്മട്ടെ. കുട്ടിയായിരിക്കുമ്പോൾ നീയൊരു ജലദോഷക്കാരനാണ്. ഈ പതിവു പരിഭവത്തിന് പതിനേഴ് വർഷത്തിന്റെ പഴക്കം വരും. പഴമയുടെ ഗന്ധത്തോട് പറ്റിച്ചേർന്ന് നിന്നപ്പോൾ ഉള്ളിൽ പട്ടവും, പൂമ്പാറ്റയും ചിറകു വിടർത്താൻ തുടങ്ങി.

കണ്ണാടി പോലുള്ള വടക്കിനി തളത്തിൽ ഇലയും, പലകയും ഇട്ടിട്ട് ആവി പറക്കുന്ന പലഹാരം വാങ്ങുന്നതിനിടയിൽ അമ്മ ഓർമ്മിപ്പിച്ചു. ചൂടാറേണ്ട മോനെ വന്നിരുന്നോളൂ. തകിടം മറിഞ്ഞു പോയ തന്റെ ശീലങ്ങളെ ഇന്നും നിധിപോലെ അമ്മ കാത്തുസൂക്ഷിക്കുന്നു. വയറു നിറയെ കഴിക്കുന്നതും നോക്കി ചിരിക്കുന്ന മുഖത്തോടെ അമ്മയരികിലിരുന്നു. ആ മുഖത്താകെ സംതൃപ്തിയുടെ പ്രകാശം. നല്ല കുത്തരി പലഹാരമൊന്നും നിന്റെ ഹോസ്റ്റലിൽ കിട്ടില്ലല്ലോ? ഇവിടെ വരുമ്പോഴല്ലേ ഇതൊക്കെ കഴിക്കാൻ പറ്റൂ. ഇതും കൂടി.... പുളികൊമ്പിലെ കാക്കയെ കാട്ടി ചോറുരുള വായിൽ വെച്ചു തരുന്ന മാതൃത്വത്തിന്റെ ചൂടും സുഗന്ധവും ആത്മാവിലേക്ക് ഒലിച്ചിറങ്ങിയതായി തോന്നി. കാലം കൊഞ്ഞനം കുത്തി ചില്ലുകുലുക്കി കടന്നു കളയുന്ന പക്ഷിയാണെന്നറിഞ്ഞപ്പോൾ ഉള്ളിലെവിടെയോ ഒരു സൂചിക്കുത്ത്. തുളുമ്പി വീഴുന്ന കണ്ണുനീർ മടിത്തുമ്പിൽ ഏറ്റുവാങ്ങി ഗേറ്റിൽ നിൽക്കുന്ന അമ്മയുടെ രൂപം ഓരോ മടക്കയാത്രയിലും നീറുന്ന മുറിവായി. ആ മുടിയിഴകളിൽ പ്രായം വരുത്തിയ നേരിയ നിറഭേദം പോലും എന്നിൽ ഭീതിയുടെ നിഴൽ പരത്തുമ്പോൾ അറിയാതെ ഹൃദയം വിങ്ങും. കണ്ണീരിൽ കുതിർന്ന ചിരിയോടെ പോകുന്ന യാത്രാനുമതി. തേങ്ങലുകൾക്കിടയിൽ മുറിയുന്ന വാക്കുകൾ, മോനെ, ചെന്നാലുടൻ......കത്തിടാൻ.........മറക്കരുതേ. ഇനി അമ്മയെ ഓർക്കാൻ, കാലത്തിന്റെ മധുരവും, വാത്സല്യവും, നുണയാൻ ശ്രദ്ധിച്ച്കൊണ്ട് പോകുമ്പോൾ കുപ്പികൾ കൂട്ടിമുട്ടി ഉടയരുത് എന്ന് പറഞ്ഞ് അമ്മയേൽപ്പിച്ച പൊതികൾ, കണ്ണിമാങ്ങ, ചമ്മന്തിപ്പൊടി ഇവയെല്ലാം ഇനി ഒരവധിക്കാലം വരെ.



# ചില്ലുകൂടുകൾ

അബ്ദുൽ ജബ്ബാർ കട്മത്ത്
രണ്ടാം സെമ: എം.എസ്.സി. സുവോളജി

തറവാട്ടുവീട് പൊളിച്ചതിന് ശേഷമാണ് ചന്തുവേട്ടന് അസ്വസ്ഥത തോന്നിതുടങ്ങിയത്. ഉദ്യോഗസ്ഥനായ മകന്റെ അഭിലാഷത്തിന് മുമ്പിൽ പഴയ തറവാടുകൾ തടസ്സമാകരുതെന്ന നിർബന്ധം എല്ലാവർക്കുമുണ്ടായിരുന്നു. വില പിടിച്ച മാർബിളുകളിലൂട്ടിയ വലിയവീട് തൊണ്ണൂറ്റിയെട്ട് തികഞ്ഞ ചന്തുവേട്ടന് പൊല്ലാപ്പായിമാറി വർണ്ണഭംഗിയുള്ള കൂട്ടിലെ പക്ഷികളുടെ സ്വരം ........ ചില്ലുകൂട്ടിൽ ഊളിയിടുന്ന കളർ മത്സ്യങ്ങൾ ....... വളർത്തുപട്ടികൾ ....... ഒക്കെ കൂടി വല്ലാത്തൊരു അനുഭവമായി ചന്തുവേട്ടന് തോന്നിയെങ്കിലും കാലത്തിന്റെ മരണപ്പാച്ചിലിനിടയിൽ താൻ റബ്ബർസ്റ്റാമ്പായി മാറിയത് അദ്ദേഹവും മനസ്സിലാക്കിയിരുന്നു.

നാടുമുഴുവൻ കമ്പ്യൂട്ടറുകളെ പറ്റി പറയുമ്പോഴും അബൂട്ടിയുടെ കടയിലെ റസ്കിലെ കിസ്മിസിലായിരുന്ന ചന്തുവിന്റെ ചിന്തകളിൽ ഇപ്പോഴും. ഇംഗ്ലീഷ് മീഡിയത്തിൽപഠിക്കുന്ന മരുമകന്റെ കൈപിടിച്ച് റോഡിലെത്തിക്കേണ്ട ഡ്യൂട്ടി ചന്തുവേട്ടനായിരുന്നു. അവിടുന്നങ്ങോട്ട് സ്പെഷൽ ബസ്സുണ്ട്...തിരിച്ചിങ്ങോട്ടും...

ഇംഗ്ലീഷ്മീഡിയത്തിൽ പഠിക്കുന്ന മരുമകന്റെ കൈപിടിച്ച് റോഡിലെത്തിക്കേണ്ട ഡ്യൂട്ടി ചന്തുവേട്ടനായിരുന്നു. കുട്ടിയെ വണ്ടികയറ്റി മടങ്ങിവരുമ്പോൾ അബുട്ടിയുടെ ചിക്കൻ സ്റ്റാളിൽ നിന്നും അരക്കിലോ ബ്രോയിലർ കോഴിവാങ്ങും. ചന്തുവേട്ടന് ഈ ജാതി കോഴികളിലൊന്നും താല്പര്യമില്ലെങ്കിലും മക്കളെ തൃപ്തിപ്പെടുത്താൻ ഇതൊക്കെചെയ്യുന്നുവെന്ന് മാത്രം. എരഞ്ഞംവെക്കാത്ത നാടൻ കോഴി തിന്ന ചരിത്രമേ ചന്തുവേട്ടനുണ്ടായിരുന്നുള്ളൂ.

പശുവിനെ കറക്കേണ്ട സമയത്താണ് സ്കൂൾ ബസ് തിരിച്ചുവരിക എന്ന് ചന്തുവിന് നിശ്ചയമുണ്ട്. അതിനൊപ്പിച്ചു റോഡരികിൽ വന്ന് നിൽക്കലാണ് പൊതു മിനിമം പരിപാടി. ഫോർ ഓ ക്ലോക്കിന് റോഡ് സൈഡിൽ എത്തണം എന്ന് മരുമകൻ പറയുമെങ്കിലും ചന്തുവിനതൊന്നുമറിയില്ല. ലോകം തന്റെ പ്രായത്തെ കവച്ചുവെച്ചു എന്ന് മാത്രമറിയാം. മരുമോൻ പഠിച്ചാൽ എന്താണാവുക? എന്റെ ചോദ്യത്തിന് മറുപടിയായി വല്യ ഉദ്യോഗത്തിലെത്താൻ എന്ന് ചുരുക്കി പറയാറുമുണ്ട്.

മക്കളെല്ലാം 'മലയാളം' വിട്ടതിന് ശേഷം ചന്തുവിന് സംസാരിക്കാൻ പോലും കഴിയാതായി. സ്കൂളിലെ നിയമ പുസ്തകത്തിൽ മലയാളം നിഷിദ്ധമാണ് പോലും....പിന്നെ ചന്തു ആരോട് സല്ലപിക്കാൻ രാവിലെ ഏഴുമണിക്ക് തന്നെ തേച്ചു മിനുക്കി സ്കൂളിൽ പോകുന്ന കുട്ടിയെ കാണുമ്പോൾ ചന്തുവിന് പലതും തോന്നിപ്പോവാറുണ്ട്.

എൽ.കെ.ജി മുതൽ സ്ഥാനം കയറിപ്പിടിച്ച് ഡിഗ്രിയെത്തിയിട്ടും വയസ്സനായ മുത്തശ്ശനെ കൂടെ കൂട്ടുന്നതിൽ സെന്നിന് വൈമനസ്യം തോന്നാറുണ്ട്. പക്ഷെ എന്ത് ചെയ്യും. വഴിയരികിൽ പരിചയമുള്ളവരില്ലല്ലോ.....? കെമിസ്ട്രി ലാബിൽ എക്സ്പെരിമെന്റ് നടത്തുമ്പോഴും സെന്നിനെ വേദനിപ്പിച്ചത് മുടിനരച്ച വൃദ്ധന്റെയൊപ്പമുള്ള നടത്തത്തിന്റെ ഓർമ്മകളായിരുന്നു.

മരുമകൻ ബസ് കയറിപ്പോയാൽ ചന്തുവേട്ടൻ അല്പനേരം സ്തംബ്ദനായി നിൽക്കും. പിന്നേ ദൂരേക്ക് നോക്കി തിരിച്ചു നടക്കും. അപ്പോഴും പുറത്തേക്ക് കൈനീട്ടി 'റ്റാറ്റ'പറയാൻ ശ്രമിക്കുന്ന കുട്ടികളുടെ ആരവം ചെവിയിൽ വന്ന് അലയുന്നുണ്ടാവും.

ഏകാന്തനായ ചന്തുവേട്ടൻ ടെറസ്സിട്ട വീട്ടിലേക്ക് വലിഞ്ഞു കയറും. മക്കളും മരുമക്കളും ഉദ്യോഗത്തിനും പഠനത്തിനും പോയാൽ പിന്നെ ഇത്രയും വലിയ വീട്ടിൽ തനിച്ചിരിക്കേണ്ട ഗതികേട് ഓർക്കുമ്പോൾ ചന്തുവേട്ടന് മരിക്കാൻ തോന്നാറുണ്ട്. അപ്പോഴും കുളത്തിലെ തവളയെ കുറിച്ചോർക്കും.... പിന്നെ ചില്ലുകൂട്ടിലെ മത്സ്യത്തേകുറിച്ച്.......പിന്നെ കലപില കൂടുന്ന കിളികളെപ്പറ്റി പിന്നെ പുറത്തേക്ക് കൈനീട്ടി റ്റാറ്റ പറയുന്ന കുട്ടികളെയും അബൂട്ടിയുടെ കടയിൽ തന്നെ തുറിച്ചുനോക്കുന്ന ബ്രോയിലർ കോഴികളേയും കുറിച്ച്....... ●

# ദുര്യോഗം

ബീന
രണ്ടാം വർഷ മലയാളം



നീലയുടെ ആഴങ്ങളിലേക്കു കണ്ണോടിച്ച് അവളുടെ മടിയിൽ തലവെച്ചു കിടക്കുമ്പോൾ അയാൾ ഒരു കൊച്ചുകുഞ്ഞായി. അമ്മയുടെ മടിയിൽ കിടന്ന് ഇങ്കു നുണയുന്ന കുഞ്ഞ്. തണുത്ത വിരൽ തുമ്പുകളിലൂടെ മുടിയിഴകളിലേക്ക് വാത്സല്യം അരിച്ചിറങ്ങുന്നത് അയാളറിഞ്ഞു. എന്നിട്ടുമെന്തേ ഈ സ്നേഹത്തിൽ നിന്ന് അകന്നു മാറാൻ ശ്രമിക്കുന്നതെന്നോർത്തപ്പോൾ അറിയാതെ അയാൾക്കു കണ്ണു നിറഞ്ഞു.

പലപ്പോഴും അവളുടെ സ്നേഹം അയാളെ അകാരണമായി ദേഷ്യം പിടിപ്പിച്ചിരുന്നു. “നീയെന്നെ സ്നേഹിക്കരുതെ”ന്ന് അയാൾ ശാസിച്ചപ്പോഴൊക്കെ നനഞ്ഞ ചിരിയോടെ അവൾ ഇല്ലെന്നു തലയാട്ടി. എങ്കിലും ആ സ്നേഹത്തിൽ താൻ മുങ്ങിപ്പോകുമോ എന്ന് അയാൾ ഭയപ്പെട്ടു. അങ്ങനെയാണ് അയാൾ അവളിൽ നിന്നകലാൻ തീർച്ചയാക്കിയത്.

“ഇനിയെന്നെ വിളിക്കുകയോ എഴുതുകയോ കാണാൻ ശ്രമിക്കുകയോ ചെയ്യരുതെ”ന്ന് എത്രയോ തവണ അയാൾ തറപ്പിച്ചു പറഞ്ഞു. മറുപടിയായുള്ള അവളുടെ മൗനവും കണ്ണുകളിലെ ആഴത്തിലുള്ള ദൈന്യതയും ഇടഞ്ഞു തുളുമ്പി വീഴുന്ന കണ്ണീരും അയാളെ കൂടുതൽ അരിശം കൊള്ളിക്കുകയാണ് ചെയ്തത്. അവൾക്കെന്തുകൊണ്ടു ദേഷ്യപ്പെട്ടു കൂടാ......?? എന്തിനാണ് അവളിങ്ങനെ ദൈന്യത കൊണ്ട് തന്നെ കെട്ടിയിടുന്നത്....? എന്തിനാണ് എത്ര ഓടിയകന്നാലും കൂടെവന്ന് മനസ്സിൽകയറിനിന്ന് സ്വസ്ഥത നശിപ്പിക്കുന്നത്....?! ആ കണ്ണീരിനു മുന്നിൽ താൻ തോറ്റു പോകുമോ എന്നു പേടിച്ചു അയാൾ. “എനിക്കു കാണണ്ട നിന്റെ കണ്ണീര്!!” എന്നാക്രോശിച്ച് തിരിച്ചു നടക്കുമ്പോൾ ഓരോ തവണയും അയാൾ

ഉറച്ചു വിചാരിച്ചു. ഇനി ഒരിക്കലും അവളെ വിളിക്കില്ല, കാണില്ല! പക്ഷെ അപ്പോഴൊക്കെ എങ്ങയെന്നറിയാതെ രാവിലെ ബാങ്കിൽ പോകാൻ അയാൾക്കു സമയം വൈകി.... കണക്കുകൾ തെറ്റി. മാനേജരുടെ ശകാരം കേട്ടുനിൽക്കുമ്പോൾ പിന്നെയും അവളോട് അടക്കാനാവാത്ത ദേഷ്യം തോന്നി, വല്ലാത്ത തളർച്ചയും!

പക്ഷെ എന്നിട്ടും കണക്കുകൾ ശരിയാക്കാനുള്ള ശ്രമത്തിനും സ്വസ്ഥതയന്വേഷിച്ചുള്ള യാത്രയ്ക്കുമൊടുവിൽ അറിയാതെ അയാൾ ചെന്നെത്തി നിന്നത് അവളെത്തേടിയുള്ള ഫോണിലോ അവളുടെ വീടിനു മുന്നിലോ ആയിരുന്നു. തളർന്ന ശബ്ദത്തിനിടയിലെ നിശബ്ദമായ കരച്ചിൽ കേൾക്കുമ്പോഴും നിറഞ്ഞ കണ്ണുകളിലെ സ്നേഹത്തിന്റെ തിളക്കം കാണുമ്പോഴും ഓരോ തവണയും ഇനി ഒരിക്കലും അവളെ വേദനിപ്പിക്കില്ലെന്ന് അയാൾ തീർച്ചപ്പെടുത്താറുണ്ട്. പക്ഷെ തന്റെ സ്വാതന്ത്ര്യത്തിനും ചിന്തകൾക്കും അവളുടെ കണ്ണീരും ദൈന്യത നീറ്റുന്ന മുഖവും അതിരുകളിടുമ്പോഴാണ് അയാൾ വീണ്ടും ക്രൂരനാവാൻ നിർബന്ധിതനായിത്തീരുന്നത്.

ഓർത്തു കിടക്കെ, അവളുടെ സനേഹത്തിന്റെ നീരാളിക്കൈകളിൽ നിന്നു രക്ഷപ്പെടാൻ കഴിയാത്തതാണ് തന്റെ ഏറ്റവും വലിയ ദുര്യോഗമെന്ന് അയാൾക്ക് തോന്നി. തന്റെ നിസ്സഹായതയോർത്ത് അയാൾ ലജ്ജിച്ചു. അതിനു മുകളിൽ അവളുടെ നിറഞ്ഞ ചിരിയും തിളങ്ങുന്ന കണ്ണുകളും തന്നെ പരിഹസിക്കുന്നതായി അയാൾക്കു തോന്നി. സ്നേഹത്തിന്റെ ആവേഗങ്ങളെ തടഞ്ഞു നിർത്താൻ കഴിയാതെ തളർന്നപ്പോൾ അയാൾക്കു പിന്നെയും ദേഷ്യംവന്നു. "എന്തിനാണു നീ നിന്റെ ദുർബലമായ സ്നേഹവും കണ്ണീരും കൊണ്ട് ഇത്രയും ശക്തിയായി എന്നെകെട്ടിയിടുന്നത്........?" ലോകത്തോടു മുഴുവനും കലഹിച്ച് വാത്സല്യത്തിന്റെ നീരലകളെ തട്ടിമാറ്റി അയാളെണീറ്റു. ഇനിയൊരിക്കലും അവളെ ഓർക്കുകപോലുമില്ലെന്ന ദൃഢനിശ്ചയത്തോടെ ഗേറ്റുകടക്കുമ്പോൾ പിറകിൽ രണ്ടു കണ്ണുകൾ നിറഞ്ഞ തുളുമ്പുന്നതും തേങ്ങലിന്റെ ചീളുകൾ ആത്മാവിലേക്കു തുളച്ചുകയറുന്നതും അയാളറിഞ്ഞു.



# കാത്തിരിപ്പ്

ശാലിനി.പി

രണ്ടാം വർഷ ബി.എ സോഷ്യോളജി

നഷ്ടപ്പെട്ട നക്ഷത്രത്തെ അന്വേഷിച്ചാണ് ഞാൻ ആ വഴിയിലുടെ നടന്നത് . ഇടുങ്ങിയ വഴിയിലൂടെ ഞാനെന്റെ പ്രയാണമാരംഭിച്ചിട്ട് എത്ര ദിവസങ്ങളായിരിക്കുന്നു. കാലുകളുടെ വേദനയും കണ്ണിന്റെ നോവും ഞാൻ മറന്നുപോയിരിക്കുന്നു. ഇടക്കെപ്പോഴോ പവനൻ എന്റെ വിയർപ്പുതുള്ളികൾ വാരിയെടുത്തു പോയതു ഞാൻ പോലും അറിഞ്ഞില്ല. പരിഭവങ്ങളും പരാതികളും എന്റെ കണ്ണിൽ അഗ്നിസ്ഫുലിംഗങ്ങളായി അവസാനിച്ചു.

എവിടെ വെച്ചാണ് എനിയ്ക്കെന്റെ നക്ഷത്രത്തെ നഷ്ടപ്പെട്ടത്. അതെന്റെ ജീവന്റെ ജീവനായിരുന്നു. എണ്ണിയാലൊടുങ്ങാത്ത നക്ഷത്രങ്ങളുള്ള വാനം എന്റെ എല്ലാമായിരുന്നു. രാത്രിക്ക് കട്ടികൂടുമ്പോൾ ഉമ്മറക്കോലായിൽ നിന്ന് ഞാനെന്റെ നക്ഷത്രങ്ങളെ വീക്ഷിക്കുമായിരുന്നു. ദിവസവും ഞാനവയെ എണ്ണാൻ തുടങ്ങും. ഓരോ ദിവസവും ഓരോ ഭാഗത്തു നിന്നും എണ്ണാൻ തുടങ്ങുമ്പോൾ ഇടക്കെപ്പെഴോ എനിയ്ക്ക് എണ്ണം തെറ്റും. പിറ്റേന്ന് വീണ്ടും എണ്ണാൻ തുടങ്ങും. അങ്ങിനെ ഞാൻ എണ്ണിയാൽ തീരാത്ത നക്ഷത്രങ്ങളുടെ പ്രിയ തോഴിയായി. എന്റെ ബാല്യകാലങ്ങളിലെപ്പോഴോ കേട്ട കഥയുടെ ചെപ്പ് തുറന്നുകൊണ്ട് തിളങ്ങുന്ന കട്ടി കൂടിയ നക്ഷത്രത്തെ നോക്കിക്കൊണ്ട് ഞാനൊരിക്കൽ ചോദിച്ചു, “നീ ആരാണ്, എന്നാണ് നീ മരിച്ചത്. നീ ആകാശത്തിൽ എങ്ങിനെ വന്നു, നിനക്കെങ്ങനെ ഇത്രയും ഭംഗി കിട്ടി”? അങ്ങിനെ നീണ്ടു പോകുന്ന എന്റെ ചോദ്യങ്ങൾക്കിടയിൽ ഞാൻ ആ കട്ടികൂടിയ നക്ഷത്രത്തെ വീണ്ടും നോക്കിയപ്പോൾ അത് എന്നെ നോക്കി പുഞ്ചിരി തൂകി. നിലാവിൽ പുഞ്ചിരിതൂകി നിൽക്കുന്ന നക്ഷത്രത്തെ നോക്കി ഞാനും പുഞ്ചിരിച്ചു. ചോദ്യങ്ങൾ അവസാനിപ്പിച്ച് മിഴിതാഴ്ത്തി ഉമ്മറത്ത് നിന്നും ഞാൻ വിടവാങ്ങുമ്പോൾ ആരോടെന്നില്ലാതെ പറഞ്ഞു, “ഒരു

> ജീവന്റെ ജീവനായി രാത്രിയെ ഞാൻ കൂടുതൽ സ്നേഹി ക്കുന്നു. നക്ഷത്രങ്ങളുള്ള രാത്രികളിൽ എന്റെ നിദ്രയെ ഞാൻ കാരാഗൃഹത്തിലടച്ചു.

ദിവസം ഞാനും നിന്നോടൊപ്പം ഈ ആകാശത്ത്...... അന്ന് നമുക്ക് പാൽ നിലാക്കടലിൽ കുളിച്ചു കളിയ്ക്കാം. അന്ന് ഒരു പക്ഷേ ആരെങ്കിലും ഭൂമിയിൽ നിന്ന് നക്ഷത്രങ്ങളെ എണ്ണാൻ തുടങ്ങുമ്പോൾ നമുക്ക് അവരെ നോക്കി ആർത്തു ചിരിയ്ക്കാം.

എന്റെ സ്വപ്നങ്ങൾ മുഴുവനും നക്ഷത്രങ്ങളെ കുറിച്ചായിരുന്നു. അവയുടെ ഭംഗിയെ എത്ര വാഴ്ത്തിയാലും എനിക്ക് മതിവരുമായിരുന്നില്ല. ആ നക്ഷത്രങ്ങൾക്കിടയിൽ ഞാനേറ്റവും ഇഷ്ടപ്പെട്ടത് കട്ടികൂടിയ ഒരു നക്ഷത്രത്തേയായിരുന്നു. നക്ഷത്രങ്ങളുടെ എണ്ണം തെറ്റുമ്പോൾ, ഞാൻ വീണ്ടും എണ്ണിത്തുടങ്ങമ്പോൾ ഒരു തിരിച്ചറിയലിന്റെ അടയാളമായി വച്ചത് ആ കട്ടി നക്ഷത്രത്തെയായിരുന്നു. അങ്ങനെ, അങ്ങനെ അത് എന്റെ പ്രിയ താരമായി. ജീവന്റെ ജീവനായി രാത്രിയെ ഞാൻ കൂടുതൽ സ്നേഹിക്കുന്നു നക്ഷത്രങ്ങളുള്ള രാത്രികളിൽ എന്റെ നിദ്രയെ ഞാൻ കാരാഗൃഹത്തിലടച്ചു. മഴയുള്ള ദിവസങ്ങളിൽ ഞാനൊരു ഭ്രാന്തിക്ക് സമമായിരുന്നു. എന്റെ പ്രിയ താരത്തെ കാണാതെ ഞാനലറി വിളിച്ചു കരഞ്ഞു. ഉറക്കെയുള്ള എന്റെ കരച്ചിൽ എന്റെ വീട്ടിലെ നാലു ചുമരുകൾക്കുള്ളിൽ അമർന്നടങ്ങി. എന്റെ കരച്ചിൽ കേൾക്കാൻ വിണ്ണിലെ എന്റെ പ്രിയ താരം ഒരു പക്ഷേ ചെവി കൂർപ്പിച്ചിരുന്നിരിക്കാം. പക്ഷേ ശക്തിയായ മഴയാൽ ആ നക്ഷത്രം നിഷ്ക്രിയമായിരുന്നിട്ടുണ്ടാവാം.

ഞാൻ കരയുന്നു. അതുപോലെ എന്റെ നക്ഷത്രങ്ങളും. അവരുടെ കണ്ണീർ ഭൂമിയിൽ വലയം പ്രാപിക്കുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ പെട്ട് എന്റെ താരവും എവിടെയോ മറഞ്ഞിരിക്കുന്നു. മനസ്സിന്റെ വിങ്ങലുകൾ എന്റെ ചുണ്ടുകൾക്കിടയിൽ കടിച്ചമർത്തി. എന്റെ വേദന ആരും അറിഞ്ഞില്ല. എന്റെ പ്രിയതാരത്തെ പറ്റി ആരോടും ഞാൻ പറഞ്ഞില്ല. എന്റെ മനസ്സിലെ ഒരു വലിയ രഹസ്യമെന്നോണം ഞാനതു സൂക്ഷിച്ചു വെച്ചു. എന്റെ ഓർമ്മകൾക്ക് മരണമില്ലെന്ന് മനസ്സിലാക്കാൻ അധികം കാത്തിരിക്കേണ്ടി വന്നില്ല. രാത്രിയ്ക്ക് കട്ടികൂടുമ്പോൾ ഞാൻ പഴയപോലെ മുറ്റത്തേക്കിറങ്ങും. വിണ്ണിൽ നിറഞ്ഞു നിൽക്കുന്ന നക്ഷത്രങ്ങൾക്കിടയിൽ ഞാനെന്റെ പ്രിയതാരത്തെ തിരഞ്ഞു. പക്ഷേ, ഞാനെന്റെ താരത്തെ കണ്ടില്ല. എവിടെയാണെന്റെ നക്ഷത്രം? എന്റെ ജീവൻ. എന്റെ മനസ്സ് ശക്തമായ കൊടുങ്കാറ്റിൽ പെട്ട് ഇളകിയാടി. ഞാൻ കരഞ്ഞില്ല. എല്ലാം സഹിച്ചു. എന്തിനു വേണ്ടി? ആർക്കു വേണ്ടി? അതിന്റെ ഉത്തരം എനിയ്ക്കജ്ഞാതമായിരുന്നു. എന്റെ നെറുകയിലേക്ക് എവിടെ നിന്നോ രണ്ടു വെള്ളത്തുള്ളികൾ ഇറ്റു വീണു. എവിടെ നിന്നാണത്? ഞാൻ തിരിഞ്ഞു നോക്കി. അജ്ഞാതമായ ആ വെള്ളത്തുള്ളികളുടെ ഉടമ ആരായിരിയ്ക്കും? എന്റെ കണ്ണുകൾ വിണ്ണിലേക്ക് ഓടിച്ചെന്നു. ഞാൻ സത്യം തിരക്കി. നക്ഷത്രങ്ങൾ എന്നെ നോക്കി കൈമലർത്തി. ഇല്ല അവർ കരയില്ല. അവർ കരഞ്ഞാൽ അതൊരു മഴയായി പരിണമിക്കുമായിരുന്നല്ലോ? പക്ഷേ എന്റെ നെറുകയെ ചുംബിച്ചു നിൽക്കുന്ന ഈ കണ്ണുനീർതുള്ളികൾ ആരുടെ? അതൊരു പക്ഷേ എന്റെ പ്രിയതാരത്തിന്റേതായിരിക്കാം. അതെ, എന്റെ പ്രിയതാരം കരയുന്നു. ഒളിച്ചിരുന്നു കരയുന്നു. എവിടെയാണ് ഞാനെന്റെ താരത്തെ തിരക്കേണ്ടത്.? എന്തിനാണെന്റെ താരം കരയുന്നത്? എന്റെ കണ്ണിൽ നിന്നും രണ്ടരുവികൾ പ്രയാണമാരംഭിച്ചത് ഞാൻ പോലുമറിഞ്ഞില്ല. ഞാൻ അന്വേഷിക്കുകയാണ് ഈ ഇടുങ്ങിയ വഴിയിലെവിടെയെങ്കിലും എന്റെ താരം ഒളിച്ചിരിക്കുന്നുണ്ടാവാം. എന്നെങ്കിലും ഞാനെന്റെ താരത്തെ കണ്ടെത്തും. അന്നെന്റെ കണ്ണുനീർ വറ്റിയിരിക്കും. എന്റെ ചുണ്ടിൽ നിന്നും പുഞ്ചിരി ദൂരെ മറയും. എന്റെ പ്രിയതാരത്തിന്റെ കയ്യും പിടിച്ച് ഞാൻ ആകാശത്തിലേക്കുയരും. അന്ന് ഞാനും എന്റെ പ്രിയതാരത്തോടൊപ്പം ആകാശത്താഴ്വരയിൽ വിഹരിക്കും. ഭൂമിയിൽ നിലാവ് വീണ്ടും പരക്കും. ആരെങ്കിലും ഞങ്ങളെ എണ്ണാൻ തുങ്ങുമ്പോൾ അവർക്കു നേരെ ഞാനെന്റെ പുഞ്ചിരി ചൊരിയും. രാത്രി പകലിനു വഴി മാറുമ്പോൾ ഞാനെന്റെ പ്രിയ താരത്തിന്റെ മാറിലലിഞ്ഞ് എങ്ങോ മറയും. ●



# മാറാടിന്റെ പിറ്റേന്ന്

ജാസിർ പേരാമ്പ്ര
രണ്ടാം വർഷ ബി.എ ഇംഗ്ലീഷ്

**കി**ടപ്പറയിൽ കനത്തുനിന്ന മൗനത്തിൽ കഠാരയിറക്കിക്കൊണ്ട് അവളുടെ വാക്കുകൾ ചീറ്റി.

"നമുക്ക് പിരിയാം....... നിങ്ങളുടെ ജാതിക്കാർ എന്റെ ജാതിക്കാരെ കൊന്നൊടുക്കുമ്പോൾ എനിക്ക് നിങ്ങളെ വെറുക്കാൻ തോന്നുന്നു!!."

അയാളുടെ നോട്ടം മൗനത്തിൽ തന്നെ തറച്ചു നിന്നു. ഉള്ളിൽ വിജയത്തിന്റെ ലഹരി പതയുകയായിരുന്നു.

പ്രണയത്തിന്റെ തിരക്കുള്ള വൈകുന്നേരങ്ങളും സാന്ത്വനത്തിന്റെ വിഹ്വല രാത്രികളും ഒന്നായിച്ചേർന്നുരുകിയൊലിക്കുന്ന ഹൃദയതാപങ്ങളും മറന്ന് അവർ ഇരുട്ടിലൂടെ ഇറങ്ങി നടന്നു;

'ജാതികളിലേക്ക്...............



# നഷ്ടചിന്തകൾ

ജംഷീന സനം
ഒന്നാം വർഷ ബി.എസ്.സി ഫിസിക്സ്

"അമ്മേ.." എന്ന് വിളിച്ചു കൊണ്ട് ഓടിവന്ന ഉണ്ണിയെ നന്ദ വാരിയെടുത്തു വീട്ടിലേക്ക് കയറുമ്പോൾ വീണ്ടും അവളുടെ മനസ്സിൽ ആ രൂപം മിന്നിമറഞ്ഞു. ഒതുക്കി വയ്ക്കാത്ത പാറിപ്പറന്ന മുടി, അല്പം പോലും അടക്കവും ഒതുക്കവുമില്ലാത്ത വസ്ത്രധാരണം, ലോകത്തെ ക്കാണാൻ തനിക്കു മാത്രം ഒരു പ്രത്യേക ജാലകം എന്ന മട്ടിൽ വച്ച ഒരു കട്ടിക്കണ്ണട, ഒരു കൗതുകത്തിന് നന്ദ വെ റുതെ നോക്കിയതായിരുന്നു. ആ മുഖം തിരിച്ചറിയാൻ ഒരൽപം സമയമെടുത്തു. ഉള്ളിലൂടെ ഒരു കൊള്ളിമീൻ പാഞ്ഞുപോയി, ഒരു ഞെട്ടലോടെ വീണ്ടും.... പക്ഷേ, തിര ക്കിലെവിടെയോ ആ മുഖവും അലിഞ്ഞു ചേർന്നിരുന്നു, ഒരു നിമിഷം നന്ദ വീണ്ടും ആരെയോ പരതി, പിന്നെ നിരാശയോടെ തിരിച്ചു നടന്നു. ഉണ്ണിയുടെ രൂപം അവളുടെ വേഗതയെ കൂട്ടുകയും ചെയ്തു.

ഉണ്ണി എന്തൊക്കെയോ ചോദിക്കുന്നുണ്ടായിരുന്നു. പരാതികൾ പറയുന്നുണ്ടായിരുന്നു. നന്ദയെന്തോ ഒന്നും കേൾക്കുന്നുണ്ടായിരുന്നില്ല. അവൾ ചികയുകയായിരു ന്നു...... ആ പഴയ കാലത്തെ.

ജീവിതത്തിന്റെ വസന്തം എന്നൊക്കെ പറയുന്ന ആ പഴയ കലാലയ ജീവിതത്തെ, അവിടത്തെ ഒരുപാട് പുസ്ത കങ്ങളൊക്കെയുള്ള, മ്യൂസിയം എന്നൊക്കെ വിളിച്ച് കളി യാക്കിയിരുന്ന ആ ലൈബ്രറിയെ, സൗഹൃദം പടർന്ന്, പന്ത ലിച്ച് തണലിട്ട അപ്പൂപ്പൻ മരങ്ങളെ.....

നന്ദയുടെ ജീവിതത്തിൽ ഒഴിവാക്കാൻ വയ്യാത്ത തായിരുന്നു, ലൈബ്രറിയിലെ വൈകുന്നേരങ്ങളും മരത്ത ണലുകളിലെ ഉച്ചസമയങ്ങളും.......

ഒരു പക്ഷേ, അവൾ 'ജീവനെ'ക്കണ്ടതും അവിടെയൊക്കെ വച്ചായിരിക്കും. "ആധുനിക സാഹിത്യവും, ഉത്തരാധുനിക കവിതയും ആഗോള വൽക്കരണവും....... അവൻ കൈകാര്യം ചെയ്യാ ത്തത് എന്തായിരുന്നു....... " ?നന്ദ സ്വയം ചോദിച്ചു.

പക്ഷേ.. നന്ദയെന്തോ ഇതിനെയൊക്കെ ഭയപ്പെട്ടി രുന്നു. വളരെ മുമ്പും അതിനു ശേഷം വന്ന ഒരു ചെറിയ ഇടവേളകളിലും ഒഴിച്ചാൽ നന്ദ ഇങ്ങനെ നെഞ്ചിലേറ്റിയ കാര്യം ഇത്ര നിർദ്ദാക്ഷിണ്യം ഒഴിവാക്കിയതെന്തേ ? എന്ന്



അവളോട് ചോദിച്ചാൽ അവൾ പറയും.

“ അച്ഛനിഷ്ടമില്ലായിരുന്നു. അച്ഛന് മക്കൾ പഠിച്ചാൽ മതിയായിരുന്നു. നാലക്ഷരം പഠിച്ചാ എന്തേലും കാര്യമുണ്ടാവും” അച്ഛൻ പറയും. പിന്നെ ....

കത്തിയമർന്ന അവളുടെ കവിതകൾ അവളിൽ നിന്ന് എന്നെന്നേക്കുമായി വിട്ട്പോയിരിക്കണം. ഒരു നിലവിളിക്കു പോലും അശക്തയായി അതിനു മുമ്പിൽ നിൽക്കുമ്പോൾ അവളുടെ സർഗ്ഗാത്മകത അസ്തമിച്ചിരിക്കണം അത് കൊണ്ടു തന്നെ, തണൽ മരച്ചുവടുകളിലെ നട്ടുച്ചകളിൽ നിന്നും അവൾ ആദ്യമൊക്കെ ഒഴിഞ്ഞുനിന്നു.

“അമ്മേ” ഉണ്ണി അസ്വസ്ഥനായി തുടങ്ങിയിരുന്നു. അവൻ ചിണുങ്ങാൻ തുടങ്ങി. അവന്റെ അമ്മയിങ്ങനെ ഒരിടത്ത് അടങ്ങിയിരിക്കുന്നത് അവനിഷ്ടമല്ല. ഉറങ്ങുന്നത് വരെ അവന് അമ്മവേണം, ഊട്ടിയും കളിപ്പിച്ചുമൊക്കെ.....

നന്ദ അവനെയെടുത്തു നടക്കാൻ തുടങ്ങി. അവൻ അവന്റെ അമ്മയുടെ തോളിൽ തല ചായ്ച്ചു കിടന്നു. നന്ദ മെല്ലെ താരാട്ടു മൂളി. അതിലവൻ ഏതോ സുരക്ഷിത ബോധത്തിൻ നിദ്രയിൽ ലയിച്ചു.

ഉറങ്ങിക്കിടക്കുന്ന ഉണ്ണിയുടെ രൂപം ശൂന്യമായിക്കിടന്ന അവളുടെ മനസ്സിൽ എന്തോ നിറച്ചു.

അപരാധ ബോധത്തിൽ ഈ ജന്മം വിഫലം എന്ന് തോന്നിയിടത്തു നിന്നാണ് ഉണ്ണിയുടെ വരവ്. അതിനു മുമ്പെ നന്ദ പ്രകടിപ്പിച്ച അരക്ഷിതാവസ്ഥ ‘ അജയും’ മനസ്സിലാക്കിയിരിന്നു.

അതിന്റെ കാരണം പക്ഷെ അവന് മനസ്സിലായില്ല. അതിലേക്ക് ചുഴിഞ്ഞിറങ്ങാൻ അവൻ താത്പര്യം പ്രകടിപ്പിച്ചുമില്ല. അതിന്റെ ഭാവം പ്രണയമാണെന്നവൻ കരുതി. അത്കൊണ്ടു തന്നെ ‘അജയ്’ പറയും.“ ജീവിതത്തിൽ ഒരു പ്രണയം ആർക്കുമുണ്ടാവും നന്ദാ”.. കേൾക്കുമ്പോൾ നന്ദ അസ്വസ്ഥയാവും, എന്താണ് മറുപടി പറയേണ്ടതെന്നറിയാതെ!

അവനെ സംബന്ധിച്ചിടത്തോളം ഉത്തമ ഭാര്യയായിരുന്നു അവൾ. വീടും പരിസരവും നന്നായി നോക്കുന്ന ഉണ്ണിയെ നന്നായി പരിപാലിക്കുന്ന, തന്റെ കാര്യങ്ങളെല്ലാം

ഒരു മടിയും കൂടാതെ ചെയ്യുന്ന........ നന്ദയും അതിൽ സംതൃപ്തയായിരുന്നു.

"പക്ഷേ....... ഞാനെങ്ങനെ ഇങ്ങനെയൊക്കെയായി മാറി"......?നന്ദ അത്ഭുതം കൂറി. കൂടെ തന്നോടുതന്നെ ഒരു പുച്ഛവും. എന്തിൽ നിന്നൊക്കെയോ ഒളിച്ചോടി, പേടിച്ച് ഒഴിഞ്ഞുമാറി...........

'ആ പഴയ നന്ദതന്നെയായിരുന്നു നല്ലത്'. അവൾക്കു തോന്നി. രക്തത്തിളപ്പിൽ കാര്യം നിശ്ചയിക്കാത്ത, എന്തിനേയും ഒരു വിവേചനബുദ്ധിയോടെ കാണുന്ന, ആ പഴയ നന്ദ.

വീടും പരിസരവും വിട്ട് ചിന്തകൾ വ്യാപിക്കുമ്പോൾ താനൊരു വലിയ ആളായി എന്ന് നന്ദക്ക് തോന്നിയിരുന്നു. അച്ഛന്റെ മകൾക്ക് അതൊന്നും വേണ്ടായെന്ന് അവൾക്ക് പിന്നീട് തോന്നി. നന്നായി പഠിക്കുന്ന, അനുസരിക്കുന്ന, അച്ഛന്റെ മകൾ.

പക്ഷേ.......

അവളിലേക്ക് അതെല്ലാം വീണ്ടും തിരിച്ചുവന്നു 'ജീവനി'ലൂടെ അവന്റെ വാക്കുകൾ അവൾക്ക് ചാട്ടുളികളായിരുന്നു.

"ഉന്നത വിദ്യാഭ്യാസം കിട്ടി എന്ന് അഹങ്കരിക്കുന്ന നമ്മൾ, അഴിഞ്ഞു കിടക്കുന്ന നമ്മുടെ സാമൂഹ്യാവസ്ഥയെ കാണാതിരിക്കുമ്പോൾ അതിന് എന്തുവിലയാണുള്ളത് ? പഠിക്കണം, ജോലി നേടണം, കുടുംബം വേണം എന്നിങ്ങനെ കരുതുന്ന ഒരാളെക്കൊണ്ട് സമൂഹത്തിനെന്തുപകാരം"......?!!

എന്തിനാണിങ്ങനെ ബധിരത നടിക്കുന്നത് ? നന്ദ അന്ന് സ്വയം ചോദിച്ചു. ഇത്രയും കാലത്തെ നാട്യത്തിന്റെ കുറ്റബോധം അവളുടെ മനസ്സിൽ നുരഞ്ഞു പൊങ്ങി. ഒന്നും ചെയ്തില്ലല്ലോ എന്ന ബോധം.

അടഞ്ഞുകിടന്ന അവളുടെ മന സ്സിന്റെ വാതായനങ്ങൾ മെല്ലെ തുറ ക്കാൻ തുടങ്ങി. ആഴങ്ങളിൽ നിന്നും നുരഞ്ഞു പൊങ്ങുന്നതെല്ലാം കവിത യായി പരിണമിച്ചു. അത് കരഞ്ഞുപിറ ന്നു. അതിൽ അടിച്ചമർത്തപ്പെട്ടവളുടെ വേദനയുണ്ടായിരുന്നു.ആൾക്കൂട്ട ത്തിലും അനുഭവിക്കേണ്ടിവരുന്ന ഏകാന്തതയുടെ വിമ്മിഷ്ടമുണ്ടായി രുന്നു.

'ജീവൻ' ആ കവിതകളിലെ ഭാവം തിരിച്ചറിഞ്ഞു. ഒരു സമാന്തര സഞ്ചാരം അവൻ നന്ദയിൽ കണ്ടു. അ വളുടെ കവിത അവനുമായി സംവദി ക്കുന്നതു പോലെ അവനുഭവപ്പെട്ടു.പ്ര തിഭാസങ്ങളെ തേടി അവന്റെ മനസ്സല ഞ്ഞു. ഒന്നിനേയും കണ്ടെത്താനാ വാതെ തിരിച്ചെത്തി.അവൻ ശൂന്യതയി ലേക്ക് നോക്കിക്കൊണ്ടേയിരുന്നു. അവിടെ നിന്ന് എന്തെങ്കിലും തന്റെ കൈകളിലെത്തുമെന്ന പ്രതീക്ഷയിൽ.

നന്ദ അത്ഭുതം കൂറുകയായിരു ന്നു. ഔന്നത്യത്തെ തേടിപ്പോവുന്ന 'ജീവന്റെ' മനസ്സിനെ അവൾ ആരാധ നയോടെ നോക്കി. അവളുടെ സഞ്ചാ രവും അതിന്റെ പിന്നാലെയായിരുന്നു. ലക്ഷ്യത്തെ മാത്രം കണ്ണിൽക്കണ്ട 'ജീവനെ' പിൻതുടരാൻ അവൾ സജ്ജ യായി. അവൾ ശക്തിയോടെ സഞ്ചരി ക്കാൻ തുടങ്ങി. പക്ഷെ കരുതിവച്ച ഊർജ്ജം അപര്യാപ്തമായിരുന്നു.അ വൾ തളർന്നു തുടങ്ങി. ഉയരത്തിലേക്ക് പോവും തോറും വർദ്ധിച്ചു വരുന്ന ആഴം അവളെ ഭയപ്പെടുത്തി. ഉറു മ്പിനെ പോലെ തന്നെ കാണുന്ന പ്രതലം കൂടുതൽ ഇരുണ്ടതായി അവൾക്കുതോന്നി.

..........................................

ഒരിക്കൽ അതുതന്നെ സംഭവി ച്ചു. അവൾ ദുർബലയായിത്തുടങ്ങി. ഒരലറിക്കരച്ചിലോടെ അഗാധമായ ഗർത്തത്തിലേക്ക് അവൾ പതിച്ചു. ചുറ്റും കണ്ട ഇരുട്ടിൽ നന്ദ തപ്പിത്തടഞ്ഞു.

പുറത്ത് നല്ല മഴയായിരുന്നു. ചുറ്റും നല്ല ഇരുട്ടും കറന്റ് പോയിരുന്നു.

ഒരു മെഴുകുതിരി തെളിയ്ച്ച് നന്ദ സാവധാനം താഴേക്ക് ചെന്നു.

വാതിൽ തുറന്നപ്പോൾ മഴയിൽ ആകെ കുളിച്ചു നിൽക്കുന്ന

'അജയ്" .!

"നന്ദേ"... പുറത്ത് നിന്ന് കേട്ട ശബ്ദത്തിൽ നന്ദ ഒരു നിമിഷം ഞെട്ടി. പക്ഷേ ആ ശബ്ദം അടുത്ത നിമിഷം അവൾ തിരിച്ചറിഞ്ഞു, 'അജയ്'.

പുറത്ത് നല്ല മഴയായിരുന്നു. ചുറ്റും നല്ല ഇരുട്ടും. കറന്റ് പോയിരുന്നു. ഒരു മെഴുകുതിരി തെളിയ്ച്ച് നന്ദ സാവധാനം താഴേക്ക് ചെന്നു. വാതിൽ തുറന്നപ്പോൾ മഴയിൽ ആകെ കുളിച്ചു നിൽക്കുന്ന 'അജയ്'.!

" ഇറങ്ങുമ്പോൾ മഴക്കിത്ര ശക്തിയില്ലായിരുന്നു. കുടയുമില്ല, ആകെ നനഞ്ഞു." 'അജയ്' പറഞ്ഞു. തോർത്തെടുക്കാൻ നന്ദ അകത്തേക്കോടി. അജയുടെ നന്ദയായി, അവൾ ഉന്മേഷവദിയായി.............

..............................................................


"ടൗണിൽ ഒരു ലോറി ഇലക്ട്രിക് പോസ്ററിലിടിച്ചു. അത് കൊണ്ട് കരന്റ്വിടെയുമില്ല". 'അജയ്' പറഞ്ഞു.

പക്ഷേ, നന്ദ അറിഞ്ഞിരുന്നില്ല, കറന്റ് പോയി അവൾ ഇരുട്ടിലായ കാര്യം. ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുമ്പോഴും അജയ് പറഞ്ഞുകൊണ്ടേയിരിക്കുകയിരുന്നു. " ടൗൺഹാളിൽ ജീവൻതോമസിന്റെ പ്രഭാഷണമുണ്ടായിരുന്നു.ഓഫീസിൽ നിന്ന് ഉച്ചക്ക് തന്നെ ഞങ്ങളെല്ലാവരും പോയി, ഒരിലപോലും അനങ്ങുന്നുണ്ടായിരുന്നില്ല, അയാൾ സംസാരിക്കുമ്പോൾ, അത്രയ്ക്കും............."!

നന്ദ കേൾക്കുന്നുണ്ടായിരുന്നില്ല. അവൾ ഇരുട്ടിൽ തപ്പുകയായിരുന്നു. അവിടെ ഒരു ചെറിയ പ്രകാശത്തരിയെങ്കിലും, അവൾ അന്വേഷിക്കുകയായിരുന്നു............. ആ ഇരുട്ടിൽ എവിടെയോ ഒരു പ്രകാശം പൊട്ടിവിടർന്നു. അതിൽ ഉണ്ണിയുടെ രൂപം നിഴലിക്കുകയും ചെയ്തു. ഏതോ ഒരു മയക്കത്തിൽ നന്ദ അതിലേക്ക് വലിച്ചടുപ്പിക്കപ്പെട്ടു...........

അറിയാതെ, ഒരു കാന്തികാകർഷണത്തിൽ അവൾ നീങ്ങിക്കൊണ്ടേയിരുന്നു.

അപ്പോഴും, 'അജയ്' നിർത്താതെ 'ജീവനെ'ക്കുറിച്ച് സംസാരിക്കുകയായിരുന്നു.



# നീ അറിയുമോ.......
# എന്നെ? ......!

മുഹമ്മദ് ജസീർ.
ഒന്നാംവർഷ ബി.എസ്.സി. കെമിസ്ട്രി

ആമുഖത്തിന്റെ നൂലാമാലകളിൽ നിന്നെ ഞാൻ കെട്ടിവലിക്കുന്നില്ല. അവതരണത്തിന്റെ വ്യഗ്രതയിവിടേയും കടന്നു പോകുന്നു. അനന്തതയിൽ നിന്നും അനന്തതയിലേക്ക്. ശൂന്യതയിൽ നിന്നും ശൂന്യതയിലേക്ക്. ചിലമ്പലുകളുടെ അഗാധതയിൽ താഴ്ന്നു പോവുന്ന നൊമ്പരങ്ങൾ. ഓ...... മറന്നു പോയി ഞാൻ വിഷയങ്ങളിൽ നിന്നും അകലുകയാണോ. നിനക്കെന്നെ അറിയുമായിരിക്കും. പക്ഷെ നീ എന്നെ വിസ്മരിച്ചു നടക്കുകയാണ്. എനിക്ക് നിന്നോട് പരിഭവമില്ല, പരാതിയില്ല. എനിക്കറിയാം നിന്റെ സ്വപ്നങ്ങളിൽ ഞാനേതോ ചക്രവാളത്തിൽ മറഞ്ഞ് കിടപ്പാണ്. എങ്കിലും എനിക്ക് സമാധാനിക്കാനൊന്നുണ്ട്. അറിയാതെയോ അറിഞ്ഞു കൊണ്ടോചില നിമിഷങ്ങളിൽ നീ എന്നെ നിന്റെ നൊമ്പരങ്ങളിൽ പങ്ക് ചേർക്കാറുണ്ട്. അഴലിന്റെ ചുങ്കലികളിൽ വിഴുങ്ങപ്പെടുമ്പോഴെല്ലാം നി എന്നെ വിളിക്കാറുണ്ട്. പക്ഷേ എനിക്ക് വരാൻ പറ്റില്ലല്ലോ. കാരണം നീയുമായിട്ടെനിക്കേതോ അനർഘ നിമിഷമുണ്ട്. ആ നിമിഷം വരെ നമ്മൾ ഓർമ്മകളിൽ മാത്രം പ്രണയിക്കുന്നു. പക്ഷെ ഞാൻ അക്രമിയുടെ വാൾമുനമ്പിലുണ്ട്. പക്ഷേ നീ എന്നെ  കാണുമ്പോൾ ഭയക്കുന്നു.......സത്യമതല്ലേ........!

പിന്നെ ഞാനെങ്ങിനെ നിനക്കു മുമ്പിൽ വരും. പക്ഷെ ഒരിക്കൽ ഞാൻ വരും ഒരു പേമാരിയായിട്ട്......... നീയുമായിട്ട് സംഗമിക്കാതിരിക്കാൻ എനിക്ക് കഴിയില്ല. ഒന്നു ഞാൻ പറയാം നിന്റെ പ്രതീക്ഷകളിൽ..... നിന്റെ ഓർമ്മകളിലെ  ചക്രവാളത്തിലല്ല ഞാൻ നിന്നെ കാത്തിരിക്കുന്നത്. നിന്റെ നിഴലിൽ പോലും ഞാനുണ്ട്.... ആ നിമിഷം ഏതെന്ന് നിനക്കറിയില്ല.......!

# നിൽക്കൂ.....
# കേൾക്കുന്നില്ലേ.......
# കാടിന്റെ ഗദ്ഗദം.......

സെയ്നുൽ ആബിദീൻ
രണ്ടാം സെമ: എം.എ ഹിസ്റ്ററി

നേരം സന്ധ്യ മയങ്ങുന്നു. മേന്നൻ അതിവേ കാട്ടിലൂടെ നടക്കുകയാണ്. എത്രയും പെട്ടെന്ന് അങ്ങ് അങ്ങാടിയിലെത്തണം. മരങ്ങൾക്കിടയിൽ ഇരുൾ പട വരുന്നുണ്ടായിരുന്നു. വന്യമൃഗങ്ങൾ ഇരതേടാനിറങ്ങ നേരമായിരിക്കുന്നു. മേന്നൻ കഴിയും വേഗത് വലിഞ്ഞു നടന്നു. കയ്യിൽ, അതുവരെയുള്ള സമ്പ കുറച്ച് കറാംപൂവും, ഏലക്കായയും ഒരു തുണിയ ഭാണ്ഡമാക്കിയിരിക്കുന്നു.

മേന്നൻ കാട് കടന്ന് ചെമ്മൺറോഡിലൂടെ അ ടിയെ ലക്ഷ്യമാക്കി നടന്നു. മേന്നന്റെ കളങ്കപ്പെടാത്ത സ്സിലൂടെ പലവിധ ചിന്തകൾ കടന്നുപോയി. ഇനി അ ടിയിൽ ചെന്ന് സാധനം കൊടുത്ത് തിരിച്ച് കൊടുംക ലൂടെ കൂരയിലെത്താൻ കഴിയില്ല. വീട്ടിൽ കെട്ട്യോളും ക കളും മാത്രമേ ഉണ്ടാവൂ!. ഞാൻ എന്തെങ്കി കൊണ്ട്ചെന്നങ്കിലേ അവരുടെ വിശപ്പടങ്ങൂ. വി സഹിക്കവയ്യാതെ കുട്ട്യോളുടെ കരച്ചിലും കെട്ട്യോള പരിഭവം പറച്ചിലും അപ്പോഴും കാതിൽ മുഴങ്ങുന്നു യിരുന്നു.

ഒരോന്ന് ചിന്തിച്ച് മേന്നൻ ചീനിക്കുന്ന ബീരാൻകുട്ട്യാക്കാന്റെ കടയുടെ മുന്നിലെത്തിയതറി ില്ല. അപ്പോഴേക്കും ബീരാൻകുട്ട്യാക്ക കട അടക്കാൻ ങ്ങിയിരുന്നു. "അല്ല എന്താ.... മേന്നാ, ഇയ്യ് ഈ നേ എന്തേ പോന്നേ!" ബീരാക്കാന്റെ പതിവ് ലോഹ്യം പ ലാണ് മേന്നനെ ചിന്തയിൽ നിന്നുമുണർത്തിയത്.

ബീരാൻകുട്ട്യാക്കാക്ക് അറിയാമായിരുന്നു മേ എന്തിനാണ് വന്നതെന്നും ആവശ്യം എന്താണെ എന്നാലും എന്ന് വന്നാലും അദ്ദേഹത്തിന്റെ ആ ലോ പറച്ചിൽ സാധാരണയാണ്.

എങ്കിലും നേരം കളയാതെ തന്റെ കയ്യിലുള്ള സാധനം മേന്നൻ ബീരാൻകുട്ട്യാക്കാന്റെ അടുത്ത് കൊടുത്ത് പറഞ്ഞു: കാക്കാ.......ഒന്നും പറയേണ്ട......നേരം...കൊറെ വൈകി. എന്താ ചെയ്യാ.... ഇപ്പഴേ മലേന്ന് സാധനോം കൊണ്ട് എത്തിപ്പെടാൻ കഴിഞ്ഞൊള്ളൂ..... വീട്ടിലെത്തിയപ്പോ ഴാണ് അറിഞ്ഞത്..... അടുപ്പിൽ തീ പൊകഞ്ഞിട്ടില്ലാന്ന്... എന്താ ചെയ്യാ...... നേരെ ഇങ്ങോട്ടും പോന്നു. ഇങ്ങള് ഇത് അവിടെ വെച്ചിട്ട് കൊറച്ച് സാധനോം ബാക്കി പൈസേം തരീ...... എങ്ങിനെ യെങ്കിലും നേരെ വീട്ടിലേക്കു തന്നെ തിരിച്ച് പോണം".

"എന്ത്.... ഇയ്യ് ഇപ്പോ മടങ്ങി പ്പോകേ അതും ഒറ്റക്ക്.... അനക്കെന്താ പിരാന്താ... ആ കൊടും കാട്ടിലൂടെ ഒറ്റക്ക് പോകാൻ.... ന്തേ... അന്റപ്പം ബേറെ ആരും പോന്നില്ലേ അനക്ക് ആരേങ്കിലും കൂടെ കൂട്ടിക്കൂടായിരു ന്നോ..... ഇന്ന് ഇവിടെ എവിടേങ്കിലും കെടന്നോ..... നാളെ രാവിലെ പോയാ മതി....എന്റെ അതിനെങ്കിപ്പം പൈസേം ഇല്ലാനും". ബീരാൻകുട്ട്യാക്ക പതിവ് പല്ലവിയിലേക്ക് കടന്നു.

അരണ്ട വെളിച്ചത്തിൽ മേന്നന്റെ മുഖം വാടുന്നത് ഒരുപക്ഷെ ബീരാൻകുട്ട്യാക്ക കണ്ടുകാണില്ല. മേന്നൻ ഒന്നിനും കഴിയാത്ത അവസ്ഥ യിലായിരുന്നു. ബീരാൻകുട്ട്യാക്കാന്റെ ഇപ്പറച്ചിലിനെ പ്രതീക്ഷിച്ചതാണ് എങ്കി ലും. ഈ കുടുങ്ങിയ നേരത്തും ഇങ്ങനെയാവുമെന്ന് പ്രതീക്ഷിച്ചില്ല. ഇപ്പോൾ തന്നെ മടങ്ങി വരാമെന്ന് കെട്ട്യോളോടും കുട്ട്യോളോടും പറ ഞ്ഞിറങ്ങിയതാണ്. കുട്ട്യോളെ കരച്ചിൽ കേട്ടപ്പോൾ കാട്ടിലൂടെ മടങ്ങിപ്പോകുന്ന അപകടം പിടിച്ച കാര്യത്തെപ്പറ്റി തീരെ ഓർത്തിരുന്നില്ല. പൈസ ബീരാൻകുട്ട്യാ ക്കാന്റെ അടുത്ത് ഇല്ലെങ്കിലും പിന്നേം വാങ്ങിക്കാം. എന്നാലും കുട്ട്യോളേ കെട്ട്യോളേം പട്ടിണിക്കിടേണ്ട. പക്ഷെ ആലോചിച്ച് നിന്നിട്ട് കാര്യമില്ല. എന്തെ ങ്കിലും ഒരു തീരുമാനമെടുക്കണം. മേന്നൻ തലചൊറിഞ്ഞ് കൊണ്ടിരുന്നു.

"ന്താ...... മേന്നാ ജ്ജ് തീരുമാനി ച്ചേ.....നാളെ പോയാ പോരെ... അനക്ക റീല്ലേ..... ഇയ്യ് പോണ വഴ്ജിലെ എട ങ്ങേറൊക്കെ...... തന്നെപ്പോലെത്തെ എത്തരത്തര ആള്ക്കാരെയാ.....ആനേം കരടീമൊക്കെ കൊന്നക്കണത്.....ഏ റൊന്നും ഞാൻ പറേണില്ല ന്താ മാണ്ടെച്ചാ ജ്ജ് തീരുമാനിച്ചാ മതി....."

മേന്നൻ ബീരാൻകുട്ട്യാക്കാന്റെ മുഖത്തോട്ട് ദയനീയമായി നോക്കി. കാട്ടിനുള്ളിൽ തന്റെ കൊച്ചു കൂരയിൽ തന്റെ വരവും വിശപ്പടക്കലും കാത്തു നിൽക്കുന്ന കൊച്ചുകുട്ട്യാളേം കാടിന്റെ ഭയാനകതേയും ഒരുപോലെ മേന്നന്റെ മനസ്സിൽ മാറി മാറി തെളിഞ്ഞ് കൊണ്ടി രുന്നു.

**കാട്ടിനുള്ളിൽ തന്റെ കൊച്ചു കൂരയിൽ തന്റെ വരവും വിശപ്പടക്കലും കാത്തു നിൽക്കുന്ന കൊച്ചുകുട്ട്യാളേം കാടിന്റെ ഭയാനകതേയും ഒരുപോലെ മേന്നന്റെ മനസ്സിൽ മാറി മാറി തെളിഞ്ഞ് കൊണ്ടിരുന്നു.**

കൊടും കാട്ടിലൂടെയാണ് മേന്നന് തിരിച്ച് പോകേണ്ടത്. കയ്യിൽ വെളിച്ചത്തിന്നായി പഴയ ഒരു ടോർച്ചാ ണുള്ളത്. എന്ത് വെളിച്ചമുണ്ടായാലും പറ്റേണ്ടത് പറ്റുക തന്നെ ചെയ്യും. നിറയെ വന്യമൃഗങ്ങളുള്ള കൊടും കാട്ടിലൂടെ ആറ് കിലോമീറ്റർ നടന്ന് 'പുലിമുണ്ട' കൂപ്പിൽ എത്തണം. മേന്നന് ദിവസവും എന്ന കണക്കിൽ എന്തെങ്കിലും തേടിപ്പിടിച്ച് രാവിലെ വീട്ടിൽ നിന്നിറങ്ങും. എന്തേങ്കിലും ഇഞ്ചിയോ, ഏലക്കായോ, കറാമ്പൂവോ ശേഖരിച്ച് ദൂരെ ചീനിക്കുന്ന് അങ്ങാടി യിൽ കൊണ്ട്പോയി വിറ്റാണ് മേന്നന്റെ കുടുംബവും നിത്യവൃത്തി കഴിയുന്നത്. കാട്ടിനുള്ളിൽ അത് കൊടുക്കണമെ ങ്കിൽ കുറച്ചകലെ സഹകരണ സൊസൈറ്റിയിൽ കൊടുക്കാം. പക്ഷെ അന്നന്നുള്ള നിത്യവൃത്തിക്കുള്ള വക പോലും ഒക്കുകയില്ല. അത് കൊണ്ടാണ് ഇങ്ങട്ട് പോരുന്നത്.

മേന്നനെപ്പോലുള്ള അനേകം കുടുംബങ്ങൾ ആ കൂപ്പിൽ ഉണ്ടായിരുന്നു. കുറച്ച് പേർക്കൊക്കെ ഗവൺമെന്റിന്റെ മൊളവെട്ടോ മരംവെട്ടോ ആയിട്ട് പണി യുണ്ടാകും. അതും എന്നെങ്കിലുമൊക്കെ.

ഗവൺമെന്റിന്റെ പോരിശകളൊക്കെ മേന്നൻ അറിയുന്നത് ചിനിക്കുന്ന് അങ്ങാടിയിൽ വരുമ്പോഴാണ് ഗവൺമെന്റ് അനേകം കാര്യങ്ങള് തങ്ങളെപ്പോലത്തെ ഹരിജനങ്ങൾക്ക് വേണ്ടി ചെയ്തിട്ടുണ്ടത്രെ. പക്ഷേങ്കില് ഞാൻ ജനിച്ച് ഇത്രേം ആയിട്ടും ഒരു ഗുണവു ഗവൺമെന്റിനെ കൊണ്ട് തന്റെ കുടുംബത്തിനോ, കോ നിക്കോ കിട്ടിയിട്ടില്ല. എല്ലാം 'ആരെങ്കിലു' വാങ്ങിക്ക ന്നുണ്ടാവുമെന്ന് മേന്നനറിയാം. അല്ലെങ്കിൽ ഗവൺമെന്റിന് കാടിന്റെ ഉള്ളിലേക്ക് വഴിയറിയാഞ്ഞ ട്ടായിരിക്കാം. തങ്ങളുടെ ജീവിതം എന്നും മാറ്റങ്ങളെ ന്നുമില്ലാതെ ഇങ്ങനെ തന്നെ പോയിക്കൊണ്ടേയിരുക്കും അപ്പോഴേക്കും സമയം ഒമ്പത് മണി കഴിഞ്ഞിരുന്നു എന്തായാലും തിരിച്ചു പോകുക തന്നെ. ഇനി അമാന്ത ച്ചിട്ട് കാര്യമില്ല. മേന്നൻ ഒരു തീരുമാനത്തിലെത്തി.

"ബീരാൻകുട്ട്യാക്കാ....ഇങ്ങള് കൊറച്ച് സാമാന തരീം.....ഞാൻ പോയിനോക്കട്ടെ... എന്തായാലും പോക ണ്ടിരിക്കാൻ പറ്റൂല..." മേന്നൻ തന്റെ തീരുമാനം പറഞ്ഞു ബീരാൻകുട്ട്യാക്ക എടുത്ത് വെച്ച് കടയടക്കാൻ തുടങ്ങ യിരുന്നു. എരിഞ്ഞു കൊണ്ടിരിക്കുന്ന പെട്രോൾമ ക്സിന്റെ വെളിച്ചത്തിൽ ബീരാൻകുട്ട്യാക്ക കൊറ സാധനങ്ങൾ മേന്നന് എടുത്ത്കൊടുത്തു.

"ഇന്നാ...... ഇജ്ജ് പോകാണേച്ചാ പോയ്ക്കോ... അന്നട് പറഞ്ഞാൻ ഇജ്ജ് കേൾക്കൂലാ.......അതോണ്ട്....ഇ സാധനം കൊണ്ട് പൊയ്ക്കോ......പൈസയൊക്കെ പിന്നേം ഞമ്മക്ക് പറയാം....." ബീരാൻകുട്ട്യാക്ക ശല്യ ഒഴിഞ്ഞ് പോയല്ലോ എന്ന നിലക്ക് ഒരു ദീർഘ നിശ്വാസ വിട്ടു വീട്ടിലേക്ക് പോകാനായിറങ്ങി.

അരണ്ട ടോർച്ച് വെളിച്ചത്തിൽ മേന്നൻ ബാരാൻകുട്ട്യാക്ക കൊടുത്ത സാധനങ്ങളുമായി തിരിച്ച നടന്നു. പല ചിന്തകളും മേന്നന്റെ മനസ്സിൽ കൂടുവെച്ച കൊണ്ടിരുന്നു. ചെമ്മൺറോഡ് കഴിഞ്ഞ് ഫോറസ്റ്റിലേക്ക കടന്ന് മേന്നൻ നടന്ന് കൊണ്ടിരുന്നു, എങ്ങും കൂരി ട്ടായിരുന്നു. ടോർച്ചിന്റെ വെളിച്ചത്തിൽ മുന്നിലേക്ക മാത്രം മേന്നൻ കണ്ണുണർത്തി നടന്നു. പേടിപ്പെടുത്തുന്ന ഭയാനകതയും, ചീവീടുകളുടെ കരച്ചിലുമൊന്നു മേന്നന്റെ മനസ്സിനെ അപ്പോൾ അലട്ടിയില്ല. തന്റെ കെട്ട്യോളുടെയും കുട്ടികളുടെയും വിശന്നു തളർന്ന മുഖം മാത്രമായിരുന്നു മേന്നന്റെ മനസ്സിൽ.

ദൂരെ ആര് നോക്കിയാലും മേന്നൻ വരുന്നത് കാണാം, ടോർച്ചിന്റെ വെളിച്ചം മേന്നനെ നയിച്ച് കൊണ്ട



എന്തെങ്കിലും അപകടം പതിയിരു
പ്പുണ്ടോന്ന് നോക്കാനായി മേന്നൻ
പതുക്കെ നിന്ന് മണം പിടിച്ച് നോക്കി...
ഇരുട്ടിലേക്ക് കണ്ണ് നയിച്ചു....

രുന്നു. കാടിനുള്ളിൽ വന്യമൃഗങ്ങളുടെ രോദനം കേൾക്കയായ്.... ഒരു നിമിഷം മേന്നനൊന്ന് പകച്ചു. ദൂരെ നിന്നുമാണ് ആനയുടെ കരച്ചിൽ...... പക്ഷെ 'മണമൊന്നും' കിട്ടുന്നില്ല. കാട്ടിൽ എവിടെയൊക്കെ ഏതൊക്കെ മൃഗങ്ങളുണ്ടെന്നും, എല്ലാ വഴിയും മേന്നന് നന്നായറിയാം. കണ്ണുംകെട്ടി വിട്ടാലും മേന്നൻ തന്റെ വീട്ടിൽ തിരിച്ചെത്തും. പക്ഷെ ഈ രാത്രിയിൽ...എന്തെങ്കിലും അപകടമുണ്ടായാൽ..... തടയുന്നതെങ്ങനെ സകല ദൈവങ്ങളെയും ധ്യാനിച്ച് മേന്നൻ നടപ്പ് തുടർന്നു. താൻ കാട്ടിൽ കടന്നിട്ട് തന്നെ കുറെ നേരമായി.... ആനയുടെ ചീറൽ അടുത്തടുത്ത് വരുന്നുണ്ട്..... എന്തെങ്കിലും അപകടം പതിയിരുപ്പുണ്ടോന്ന് നോക്കാനായി മേന്നൻ പതുക്കെ നിന്ന് മണം പിടിച്ച് നോക്കി... ഇരുട്ടിലേക്ക് കണ്ണ് നയിച്ചു....

പെട്ടെന്നാണ് മേന്നനെ എന്തോ സ്പർശിക്കുന്നതായി തോന്നിയത്. തിരിഞ്ഞ് നോക്കിയതും ഞൊടിയിടയിൽ ആ സ്പർശനം മേന്നനെ കരവലയത്തിലൊതുക്കി. ഒരാനയുടെ തുമ്പിക്കൈ ആയിരുന്നു അത്. ആന ധൃതിയിൽ ചിലച്ചു.....മേന്നനെ എടുത്ത് മരത്തിൽ ഒരടി അടിച്ചതേയൊള്ളു എല്ലാം നിശ്ചലം മേന്നൻ 'അടുത്ത' യാത്ര തുടങ്ങിക്കഴിഞ്ഞിരുന്നു. മേന്നന്റെ കയ്യിൽ നിന്നും തെറിച്ചു വീണ സാധനങ്ങൾ അവിടെ ചിതറിക്കിടക്കുന്നുണ്ടായിരുന്നു. മേന്നനെ വകവരുത്തിയ ശേഷം ചുള്ളിക്കൊമ്പൻ കൊലവിളി മുഴക്കി നട്ടം തിരിഞ്ഞു. അതിന് ശേഷം അവൻ അടുത്ത ആറ്റിൽ പോയി കുളി കഴിഞ്ഞ് വന്ന് മൃതദേഹത്തിന് കാവലായി രാത്രി മുഴുവൻ നിന്നു.

ആ സമയത്ത് ഇങ്ങ് കണ്ണിലെണ്ണയൊഴിച്ച് നീലി- മേന്നന്റെ ഭാര്യ തന്റെ ഉറ്റവനേയും കാത്ത് വീട്ടിൽ ഉമ്മറത്തിണ്ണയിൽ ഇരിക്കുകയായിരുന്നു. വിശന്ന് കരഞ്ഞ് തളർന്ന കുഞ്ഞുങ്ങൾ ഉറങ്ങിക്കഴിഞ്ഞിരിക്കുന്നു. എങ്കിലും നീലി മേന്നനെയും പ്രതീക്ഷിച്ച് ഒരേ ഇരിപ്പ് തുടർന്നു.

പിറ്റെ ദിവസം കൂപ്പിൽ നിന്നും ജോലിക്കു പോയ കുറച്ചാളുകളാണ് മേന്നനെ ആന കൊന്നവിവരം ആദ്യം അറിഞ്ഞത്. അവർ ദൂരെ നിന്നും തന്നെ ആനയുടെ സാന്നിദ്ധ്യം മനസ്സിലാക്കിയിരുന്നു. പക്ഷെ, ആരെയെങ്കിലും കൊലപ്പെടുത്തിക്കൊണ്ടാണ് നിൽക്കുന്നതെന്ന് അവര് നിനച്ചിരുന്നില്ല. ആനയെ കണ്ണുവെട്ടിച്ച് കടക്കാൻ ശ്രമിച്ച അവർ ആ ദാരുണ ഹത്യ കണ്ടു. ഞെട്ടി വിറച്ച അവർ ഒരു വിധത്തിൽ ആനയെ ഓടിച്ച് മേന്നന്റെ മൃതദേഹത്തിന്റെ അരികിലേക്കു ചെന്നു.

ഞങ്ങളുടെ ഉറ്റ സുഹൃത്തിന്റെ മൃതദേഹത്തിന്റെ അരികിൽ ഒരു നിമിഷം സ്തബ്ധരായി നിന്നു. തികട്ടി വന്ന വിതുമ്പൽ അടക്കിപ്പിടിച്ച് അവർ

അദ്ദേഹത്തിന്റെ വിധിയിൽ പരിതപിച്ചു. തങ്ങളുടെ എത്രയോ ഉറ്റവരേയും ഇതു പൊലെ വന്യമൃഗങ്ങളുടെ ക്രൂരതയ്ക്ക് ഇരയായിട്ടുണ്ട്. അപ്പോഴെല്ലാം നിസ്സഹായത മാത്രമായിരുന്നു തങ്ങൾക്കുണ്ടായിരുന്നത്. കാട്ടിൽ ജനിച്ചു വളർന്നതു കൊണ്ടു ജിവിക്കാൻ പെടുന്ന പാടു കൊണ്ടു ഇങ്ങിനെ ദാരുണമായി അന്ത്യം സംഭവിക്കുന്ന എത്ര എത്ര കുടുബങ്ങൾ.

അദ്യത്തെ ഞട്ടലിന് ശേഷം സ്ഥലകാല ബോധം വീണ്ടെടുത്ത അവർ മേന്നന്റെ മൃതദേഹം പൊതിഞ്ഞെടുത്ത് വീട്ടിലേക്ക് തിരിച്ചു. അവിടെ തന്റെ പ്രിയതമനേയും കാത്ത് നിൽക്കുന്ന നീലിയുടെ അടുത്തേക്ക് അയാളുടെ മൃതദേഹം വഹിച്ച് കൊണ്ടുള്ള ചെല്ലൽ കണ്ടു നിൽക്കുന്നവരുടെയൊക്കെ കണ്ണിനെ കടലാക്കുന്നതായിരുന്നു.


നീലി എട്ടും പൊട്ടും തിരിയാത്ത തന്റെ കുഞ്ഞുങ്ങളെ മാറോടടുക്കിപ്പിടിച്ച് പൊട്ടിക്കരഞ്ഞു.

"എന്റെ ദൈവമേ..... ഇതിനാർന്നോ എന്റെ കണവനെ ഞാനാ രാത്രീല്........ അവിടേക്ക് പറഞ്ഞയച്ചത്....... കാട്ടിൽ ജീവിച്ച്പോയത് കൊണ്ട് മാത്രം ഈ പാപം തങ്ങളെന്നും പേറണോ ദൈവമേ....."

നീലിയുടെ ദീന വിലാപം ഇടക്കിടെ നേർത്ത ഒരു തേങ്ങലായി ഒതുങ്ങി. കോളനിക്കാർ ഒതുങ്ങി. കോളനിക്കാർ മേന്നന്റെ മൃതദേഹം കുളിപ്പിച്ച് ആചാരപ്രകാരം സംസ്കരിക്കാൻ ഒരുങ്ങുകയാണ്.

നിരവധി തവണ അവർ ഇങ്ങിനത്തെ ദുരന്തത്തിന് സാക്ഷ്യം വഹിച്ചു. എത്ര കോളനി ജീവനക്കാർ...... ജീവിക്കാനുള്ള നെട്ടോട്ടത്തിനിടയിൽ ആനയുടേയും കരടിയുടേയുമൊക്കെ വായയിൽ പോയി പെടുന്നു. കാര്യമില്ലാത്തതിനൊക്കെ അടിച്ചമർത്തലും വെടിവെപ്പും നടത്തുന്ന വനപാലകരെന്തേ ഇതൊന്നും കാണാതെ പോയത്. അതോ...... ഇതും ഗവൺമെന്റിന്റെ ഒരു പരിഷ്കരണ നടപടിയായിരിക്കുമോ..... കാടിന്റെ ഈ ഗദ്ഗദം കേൾക്കാനെന്തേ സാംസ്കാരിക കേരളത്തിന് കാണ്ണും കാതുമില്ലാതെ പോയോ!!!

അഭിജിത്ത്.ടി
രണ്ടാം വർഷ ബി.എസ്.സി ഫിസിക്സ്



# പരിണാമം

ഇരുട്ടിലെ അശരീരിയാണ് ചിന്തകൾ. നിശബ്ദതയുടെ മാറ്റൊലിയാണ് ചിന്തകൾ. ഹോസ്റ്റൽ റൂമിലെ ജനാലയിലൂടെ പുറത്തേക്ക് നോക്കിയിരുന്നപ്പോൾ ലക്ഷ്മിയുടെ മനസ്സിൽ നിറയെ ചിന്തകളായിരുന്നു. ചിലത് വെറും നിസാരമാണെങ്കിലും അവക്ക് അവയെ തള്ളിക്കളയാനായില്ല. കുറച്ചു ദിവസമായി ആനന്ദിന്റെ പെരുമാറ്റം അവളെ വ്യാകുലപ്പെടുത്തിക്കൊണ്ടിരുന്നു.

ആനന്ദ് ഒരിക്കൽ പറഞ്ഞത് അവൾക്കോർമ വന്നു, “മൈതാനത്തിന്റെ മൂലയിലുള്ള ആ വടുവൃക്ഷം എന്നോട് ചരിത്രത്തെക്കുറിച്ച് സംസാരിക്കുന്നു. അതിൽ കൂടുകൂട്ടിയ പക്ഷികൾ എന്നോട് ചോദിക്കുന്നത് നിനക്കു മുമ്പേ പോയവരെ നീ അറിയില്ലേ എന്നാണ്. മനസ്സ് എന്നെ അമ്പരപ്പിച്ചു കൊണ്ടിരിക്കുന്നു. ലോകത്ത് അറുനൂറ് കോടി മനുഷ്യർക്ക് അറുനൂറ് കോടി മനസ്സ്. അതിന്റെ പ്രവർത്തനം നിഗൂഢം തന്നെ”.

എന്തിനേയും വിമർശനം കൊണ്ട് നേരിട്ടിരുന്ന അവന്റെ ചിന്തയുടെ മാറ്റൊലി വിചിത്രം തന്നെയായിരുന്നു. അത് ശരിയോ തെറ്റോ

എന്നൊന്നും തനിക്കറിയില്ല. പക്ഷേ.. ഒന്നുമാത്രമറിയാം ടോൾസ്റ്റോയിയേയും, ദസ്തേവിസ്കിയേയും, മാർക്സിനേയും വായിക്കുന്ന അവൻ പറയുന്നതിൽ ഒരു കാര്യവും ഇല്ലാതിരിക്കില്ല. ഒരിക്കൽ ആത്മഗതം പോലെ ആനന്ദ് പറഞ്ഞത് അവളോർത്തു.

"People like fantasy than reality" കാല്പനികതയുടെ തേരിലേറി ചൂഷണ സംസ്കാരം വളരുന്നു. സ്വപ്നങ്ങൾ വിൽക്കപ്പെടുന്നു.

അവന്റെ സംസാരം മറ്റുള്ളവർക്ക് വിരസമാകുന്നതെന്തുകൊണ്ട്? ആലോചിച്ചിട്ട് ലക്ഷ്മിക്കൊരുത്തരവും കിട്ടിയില്ല. പക്ഷേ.. എന്തുകൊണ്ടോ ലക്ഷ്മിക്കവനെ ഇഷ്ടമായിരുന്നു. ഒരു കൂട്ടർക്ക സഹ്യമായത് മറ്റൊരുക്കൂട്ടർക്കാനന്ദകരം. അതാണ് മനസ്സ്.

അവർക്കെന്തുകൊണ്ട് ആനന്ദിനെ ഉൾക്കൊളളാനാവുന്നില്ല? അവൻ പറഞ്ഞത് തെറ്റായതുകൊണ്ടാവാൻ വഴിയില്ല. വിജ്ഞാന മേഖലയിൽ ആനന്ദ് ബഹുദൂരം മുന്നിലാണ്. കൂടാതെ ശരിയും തെറ്റും നോക്കി ജീവിക്കുന്നവരല്ല അവരാരും. ഇത് മനസ്സിൽ കണ്ടായിരിക്കും ആനന്ദ് പറഞ്ഞത്.

"ജനങ്ങൾ പാരമ്പര്യത്തിന് അടിമപ്പെട്ടവരാണ്. അതിനെതിരെ എന്തുവരുന്നതും അവർക്ക് വികാര പ്രശ്നമാണ്. മറ്റുചിലർക്ക് തങ്ങൾ എതിർക്കപ്പെടുന്നതു തന്നെ വികാര പ്രശ്നമാണ്. അവർ അതിനനുസരിച്ച് പ്രതികരിച്ചുകൊണ്ടിരിക്കും. വിമർശനങ്ങളെ ഉൾക്കൊള്ളാൻ പഠിക്കലാണ് സഹിഷ്ണുതയുടെ ആദ്യ പാഠം."

ഒരിക്കൽ ആനന്ദിനെക്കുറിച്ച് സംസാരിച്ചപ്പോൾ ദിവ്യയുടെ ഭാവം ലക്ഷ്മി ശ്രദ്ധിച്ചു. അവളുടെ ചുണ്ടിൽ ഒരു കോടിയ പുഞ്ചിരി മാത്രമായിരുന്നു. ഉടനെ തന്നെ അവൾ അതിലെ കടന്നുപോയ ഒരു പറ്റം ആൺകുട്ടികളോട് ചേർന്നു. ലക്ഷ്മി അവരുടെ സംസാരം ശ്രദ്ധിച്ചു. അവർ ദിവ്യയുടെ വസ്ത്രത്തേയും ഹെയർസ്റ്റൈലിനേയും പുകഴ്ത്തുകയായിരുന്നു. ആനന്ദിനെ ഏതായാലും ഇതിനൊന്നും കിട്ടില്ല. ലക്ഷ്മിക്ക് ഓർമ്മ വന്നത് ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ വാക്കുകളായിരുന്നു.

"തുല്യമല്ലാത്തത് ശരീരമായാലും മനസായാലും അപഹാസ്യമാണ്."

ആനന്ദിന്റെ ഇപ്പോഴത്തെ നിശബ്ദതക്കു കാരണം താനാണല്ലോ എന്നോർത്ത് അവൾ ദുഃഖിച്ചു. അവന്റെ തത്വചിന്ത കാടുകയറുമ്പോൾ അതൊന്നും തനിക്ക് മനസ്സിലാവാറില്ല എന്ന സത്യം താൻ തുറന്നു പറഞ്ഞു. അതവനെ പിടിച്ചു കുലുക്കി. പിന്നീട് അവൻ ഒരു ദ്വീപായി മാറുകയായിരുന്നു. പരിചയങ്ങൾ യാന്ത്രികമായി. സംഭാഷണങ്ങൾ ഉപരിവിപ്ലവമായി.

അവന്റെ തത്വചിന്ത കാടുകയറുമ്പോൾ അതൊന്നും തനിക്ക് മനസ്സിലാവാറില്ല എന്ന സത്യം താൻ തുറന്നു പറഞ്ഞു. അതവനെ പിടിച്ചു കുലുക്കി. പിന്നീട് അവൻ ഒരു ദ്വീപായി മാറുകയായിരുന്നു. പരിചയങ്ങൾ യാന്ത്രികമായി. സംഭാഷണങ്ങൾ ഉപരിവിപ്ലവമായി.

നിയന്ത്രിക്കാൻ ശ്രമിക്കുംതോറും അവൻ കൂടുതൽ അന്തർമുഖനായി. ഒരു ദിവസം വികാരങ്ങൾ അണപൊട്ടിയ നിമിഷത്തിൽ അവൻ പറഞ്ഞു.,

"ലക്ഷ്മി, എനിക്കിനിയും അഭിനയിക്കാൻ വയ്യ. ഞാൻ കാലത്തിന്റെ രക്തസാക്ഷിയാണ്."

പിന്നീട് വല്ലാത്ത ഒരു പക്വതയോടെയായി അവന്റെ പെരുമാറ്റം. നന്മയെന്നത് ഒരു മൺമറഞ്ഞ ആശയമാണ്. സമൂഹമെന്നത് ഭൂരിപക്ഷമാണ്. അത് ആവശ്യപ്പെടുന്നത് കൊടുക്കാൻ കഴിയാത്തവൻ സമൂഹത്തിന് വേണ്ടാത്തവനാണ്. ആ തിരിച്ചറിവ് അവനെ വളരെയധികം അസ്വസ്ഥനാക്കി. പിന്നീട് സമൂഹം വാചാലമാകുന്നിടത്ത് അവൻ മൗനിയായി. പക്ഷേ മൗനങ്ങൾക്കും അർത്ഥം വളരെയാണ്.

കുട്ടികൾ ഈ മാറ്റം ശ്രദ്ധിച്ചിരുന്നെങ്കിലും അവർക്ക് ചിന്തിക്കാൻ വേറെത്ര കാര്യങ്ങളുണ്ട്. കാരണവും അകാരണങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലിലൂടെ അവരുടെ സംവാദങ്ങൾ വളർന്നു. എല്ലാമറിഞ്ഞിട്ടും ഒന്നും ചെയ്യാനില്ലാത്ത ആനന്ദ് മൂകസാക്ഷിയായി. വാക്കുകൾ വഴിവിട്ട സമയത്ത് അവർ അവന്റെ മുഖത്തേക്ക് നോക്കി. പക്ഷേ അവന്റെ മുഖം പറഞ്ഞുകൊണ്ടിരുന്നു ആനന്ദ് മരിച്ചിരിക്കുന്നു, അവശേഷിക്കുന്നത് ഒരു 'മമ്മി' മാത്രം.



റഫീഖ് കവരത്തി
മൂന്നാം വർഷ ബികോം

## തടവറ

ഡിസ്കവറിയിൽ പരിപാടി കണ്ട് ഇഡഡ്‌ലി കഴിച്ചു കൊണ്ടിരുന്ന മകനെ നോക്കി അമ്മ പിറുപിറുത്തു. "ഒന്നു വേഗം കഴിക്ക് വണ്ടി വന്ന് പോകും" അവന്റെ കഴുത്തിൽ കൈ ആഞ്ഞു മുറുകി. ചുമലിൽ പുസ്തക ചുമടെടുത്തു വെച്ചു. ഇപ്പോൾ അവന്റെ കഴുത്തും നട്ടെല്ലും വളഞ്ഞിട്ടാണ് അമ്മയുടെ സ്വപ്ന തടവറയിലേക്കവൻ ഒരു തടവുകാരനെപ്പോലെ കുനിഞ്ഞിറങ്ങിപ്പോയി.... ഒടുവിൽ, വൃദ്ധ സദനത്തിലെ ഇരുളിൽ അമ്മയുടെ 'സ്വസ്ഥ' ജീവതം ഉറപ്പാക്കി തിരിച്ചിറങ്ങുമ്പോൾമന്ത്രിച്ചത് ഇങ്ങനെ "ഞാനും ഭാര്യയും.......പിന്നെ......."

## നാലു കെട്ട്.കോം.

നാലു കെട്ടിന്റെ ഇടനാഴിയിലൂടെ ഓടി നടന്നും
നാലും വെച്ച് ഉണ്ണിയും നാലും കൂട്ടി മുറുക്കിയും
നാലു കാലിന്റെ മുകളിൽ കിടന്നുറങ്ങിയും നടന്ന കാലം
ഇറയത്തെ മഴുത്തുള്ളി പോലെ ഒലിച്ചു
പോയ പഴയ കാലം തേടി അവൻ
വെബ്സൈറ്റിലൂടെ അലയുകയാണ്. അവസാനം
അവൻ കണ്ടെത്തി, നാലുകെട്ട്.കോം.
മൗസ് ബട്ടൺ ക്ലിക്ക് ചെയ്തപ്പോൾ
സ്ക്രീനിൽ തെളിഞ്ഞു.
കൂട്ടുകുടുംബം.കോം
അണുകുടുംബം.കോം
കൂട്ടു കുടുംബത്തിൽ ക്ലിക്ക് ചെയ്ത് ചിതൽ-
പിടിച്ച പടിപ്പുരയിലൂടെ കടന്ന്
തന്റെ മകനെ ചരിത്രാതീത കാലത്തെ
കഥപോലെ നാലുകെട്ടിലെ അച്ഛന്റെ
ബാല്യകാലം മകനെ അത്ഭുതപ്പെടുത്തി.
രണ്ട് പേരും തിരികെ അണുകുടുംബം.കോമിലേക്ക് മടങ്ങി.